എഡിറ്റർ

ഡോ. തോമസ് സ്കറിയ

# ഇന്ദു മേനോൻ

## കഥ കാമന കലാപം



മൂന്ന്

# ഒരു കന്യകയുടെ ജലാനുരാഗം

## ഡോ. സ്വപ്ന ആന്റണി

ഉത്തരാധുനിക എഴുത്തുകാരികളുടെ സ്ത്രൈണാനുഭവ ആവിഷ്
കാരം, യാഥാസ്ഥിതിക ആഖ്യാനവഴികളോട് നിരന്തരം കലഹി
ച്ചുകൊണ്ടായിരുന്നു. ആൺകോയ്മാവ്യവസ്ഥിതി ചിട്ടപ്പെടുത്തിയ
സാമ്പ്രദായിക സാമൂഹിക ലൈംഗിക അധികാരത്തിൽ പുരുഷനു
ള്ള മേൽക്കോയ്മയെ തിരസ്കരിച്ചു കൊണ്ടാണ് പൊതുബോധ
ത്തിൽ മാറ്റംവരുത്താൻ അവർ ശ്രമിച്ചത്. എന്നാൽ വാർപ്പുമാതൃക
കളുടെ തിരസ്കാരം സ്ത്രീകളുടെ ആന്തര ലോകത്തെ സംഘർ
ഷത്തിലാഴ്ത്തുന്നു. ആരാണ് പെണ്ണ് എന്ന ചോദ്യത്തെ 'ദി സെ
ക്കൻഡ് സെക്സ് ' എന്ന കൃതിയിൽ സിമോൺ ദി ബൊവെ നേരി
ടുന്നുണ്ട്. സ്ത്രീയുടെ സ്വത്വത്തെ നിർമ്മിച്ചത് പുരുഷനാണ്. സ്വ
ന്തം ആവശ്യങ്ങൾക്കുതകുന്ന തരത്തിൽ മനുഷ്യവംശത്തെ മുഴു
വൻ പുല്ലിംഗമാക്കി മാറ്റിയ അവന്റെ വ്യാഖ്യാനങ്ങളിൽ സ്ത്രീയെ
സ്വയം നിർണ്ണയാവകാശമുള്ള സ്വതന്ത്ര വ്യക്തിയായിട്ടേ പരിഗ
ണിക്കുന്നില്ല. ഈ തിരിച്ചറിവിൽ നിന്നുകൊണ്ട് വേണം ഇന്ദു മേ
നോന്റെ കഥകളിലെ കാമനകളുടെ സ്ത്രൈണഭൂമികയെ നോക്കി
ക്കാണാൻ. സമൂഹത്തിന്റെ ഒരു ചിട്ടവട്ടങ്ങളിലും ഒതുങ്ങാത്ത ജീ
വിതകാമനയുടെ സ്വതന്ത്രലോകമാണ് അവരുടെ കഥകൾ ആവി
ഷ്കരിക്കുന്നത്.

സമൂഹത്തിന്റെ നിയമങ്ങൾക്ക് കീഴ്പ്പെടുത്താനാവാത്ത ജീവി
തരതിയുടെ സ്വാതന്ത്ര്യം ഇന്ദു മേനോന്റെ കഥകളിലുണ്ട്. ആത്യ
ന്തികമായി 'സ്ത്രീ, സ്വാതന്ത്ര്യം നേടേണ്ടത് സമൂഹത്തിൽ നിന്നും
അവനവനിൽ നിന്നും ആണ് എന്ന് ഈ കഥകൾ പ്രഖ്യാപിക്കു
ന്നു.' (ശ്രീജിത് പെരുന്തച്ചൻ, 2014:62). ലൈംഗികതയെക്കുറിച്ചുള്ള